## പതിനാലാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2019-2021)

## ഏഴാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(കൃഷി വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക/ ആഡിറ്റ് റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2019-2021)

## ഏഴാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക/ ഓഡിറ്റ് റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച റിപ്പോർട്ട്)**

431/2021.

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. v |
| മുഖവുര | .. vii |
| ആമുഖം | .. ix |
| റിപ്പോർട്ട് | .. 1 |
| അനുബന്ധം 1 | .. 14 |
| അനുബന്ധം 2 | .. 16 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

## (2019-2021)

### സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. മോൻസ് ജോസഫ്.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീമതി ഗീതാ ഗോപി

ശ്രീ കെ. ജെ. മാക്സി

ശ്രീ എം. നൗഷാദ്

ശ്രീ സജി ചെറിയാൻ

ശ്രീ പി. കെ. ശശി

ശ്രീ ഐ. ബി സതീഷ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഗോഡ്ഫ്രി ഡി. ഡി., ജോയിന്റ് സെക്രട്ടറി

ശ്രീ.ജി. പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

## ആമുഖം

കേരളത്തിന്റെ സാമ്പത്തിക വികസനത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ് കൃഷിയും അനുബന്ധ മേഖലകളും. കൃഷി ഉപജീവനമായി സ്വീകരിക്കുന്നവരുടെ എണ്ണം പല കാരണങ്ങളാൽ കുറഞ്ഞു വരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ കൃഷിയിലേക്ക് ധാരാളം പേരെ പ്രത്യേകിച്ച് യുവതലമുറയെ ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനും എല്ലാ ക്ഷേമപരിപാടികളിലും ചെറുകിട നാമമാത്ര കർഷകർക്ക് മുൻഗണന നൽകുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

കർഷകരുടെ സുരക്ഷയും ക്ഷേമവും കാർഷിക മേഖലയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. കർഷകർക്ക് സാമൂഹിക മാന്യതയും മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയും ഉറപ്പുവരുത്തുക, അവർക്ക് പെൻഷനും മറ്റ് സാമ്പത്തിക സഹായങ്ങളും നൽകുക, വരും തലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക, കർഷക സമൂഹത്തിന് ഐശ്വര്യപൂർണ്ണമായ ജീവിതം പ്രദാനം ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുക എന്നത് സർക്കാരിന്റെ കടമയാണ്. കാർഷിക മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിൽ ഉത്പാദിപ്പിക്കുന്ന പതിനാറ് ഇനം പച്ചക്കറികൾക്ക് അടിസ്ഥാന വില നിശ്ചയിച്ച് 2020 നവംബർ ഒന്നുമുതൽ നടപ്പിൽ വരുംവിധം സംസ്ഥാന സർക്കാർ ഒരു പദ്ധതി നടപ്പിലാക്കുകയുണ്ടായി. രാജ്യത്ത് ആദ്യമായാണ് സംസ്ഥാനത്ത് ഇത്തരത്തിലുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നത്. അതുപോലെ കേരള സംസ്ഥാനത്ത് കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും കാർഷിക വൃത്തിയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനായി 2019-ലെ 26-ാം നമ്പർ ആക്ട് ആയി കേരള കർഷക ക്ഷേമനിധി ആക്ട് നിലവിൽ വരികയും അതിന്റെ അടിസ്ഥാനത്തിൽ 13-10-2020-ലെ 708/2020-ാം നമ്പർ എസ്.ആർ.ഒ. വിജ്ഞാപനത്തിലൂടെ **കേരള കർഷക ക്ഷേമനിധി ബോർഡ്** നിലവിൽ വരികയും ചെയ്തു.

കർഷകർക്ക് പ്രയോജനപ്രദമായ വിവിധ പദ്ധതികളും ധനസഹായവും കാർഷിക അറിവുകളും മറ്റും അവർക്ക് ലഭ്യമാകുന്നത് കൃഷി വകുപ്പിന് കീഴിലുള്ള വിവിധ പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിലൂടെയാണ്. സർക്കാരിൽ നിന്നും ഭീമമായ തുക ധനസഹായം സ്വീകരിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ അവയുടെ കണക്കുകൾ കൃത്യമായി ആഡിറ്റിംഗിന് വിധേയമാക്കി യഥാസമയം നിയമസഭയിൽ സമർപ്പിച്ചെങ്കിൽ മാത്രമേ അവ കൃത്യമായി

വിനിയോഗിച്ചിട്ടുണ്ടോ എന്ന് സാമാജികർക്ക് പരിശോധിക്കുന്നതിനും തെറ്റുകൾ ചൂണ്ടിക്കാട്ടുന്നതിനും സാധിക്കുകയുള്ളൂ. കണക്കുകൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ നിയമസഭയിൽ സമർപ്പിക്കേണ്ടത് സ്ഥാപനങ്ങളുടേയും ബന്ധപ്പെട്ട ഭരണ വകുപ്പുകളുടേയും ചുമതലയാണ്. എന്നാൽ കൃഷി വകുപ്പിന് കീഴിലുള്ള പല സ്ഥാപനങ്ങളും കണക്കുകൾ യഥാസമയം നിയമസഭയിൽ സമർപ്പിക്കുന്നതിൽ വീഴ്ചവരുത്തുന്നതായി സമിതി കണ്ടെത്തി. കേരള അഗ്രോ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നിവ അവയിൽ ചിലത് മാത്രമാണ്. കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ കണക്കുകൾ യഥാസമയം നിയമസഭയിൽ സമർപ്പിക്കാത്തത് വകുപ്പിന്റേയും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലേയും ഉദ്യോഗസ്ഥരുടെ ഗുരുതര കൃത്യവിലോപമായി സമിതി വിലയിരുത്തുന്നു. ഇത് നിയമസഭയോടും സമിതിയോടുമുള്ള സർക്കാർ വകുപ്പുകളുടെ അനാദരവായി സമിതി കണക്കാക്കുന്നു.

# റിപ്പോർട്ട്

കടലാസുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നത് വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണോ എന്നും അവ മേശപ്പുറത്തു വയ്ക്കുന്നതിന് അകാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആ കാരണങ്ങൾ തൃപ്തികരമാണോ എന്നും പരിശോധിക്കുന്നതിനായി ഒരു പ്രത്യേക സമിതി രൂപീകരിക്കണമെന്ന ഒമ്പതാം കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 1995 ഏപ്രിൽ മാസം 28-ാം തീയതി കേരള നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി രൂപീകൃതമായി. പതിനാലാം കേരള നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016 -2019) 2016 ജൂലൈ മാസം 25-ാം തീയതിയിലെ 49-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം രൂപീകൃതമാകുകയും തുടർന്ന് 2019 ജനുവരി മാസം 25-ാം തീയതിയിലെ 610-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം 2019-2021 വർഷത്തേയ്ക്ക് പുനഃസംഘടിപ്പിക്കുകയും ചെയ്തു.

2. സമിതിയുടെ നിരന്തരമായ ഇടപെടലുകളുടെ ഫലമായി സർക്കാർ പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.-കൾ, വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ എന്നിവയും സ്ഥാപനങ്ങളുടെ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കുന്നതിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്തെ മിക്ക പൊതുമേഖലാ സ്ഥാപനങ്ങളും ഇപ്പോഴും ചട്ടങ്ങൾ അനുശാസിക്കുന്ന സമയപരിധി പാലിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നുണ്ട്. ഇത്തരം കാലതാമസം വിശദമാക്കുന്ന കാലതാമസപത്രികകളിൽ ഉദ്യോഗസ്ഥരുടെ അജ്ഞത, സഭാ നടപടികളെക്കുറിച്ചുള്ള അറിവില്ലായ്മ, ഭരണപരമായ കാലതാമസം, അച്ചടിച്ച് ലഭിച്ചതിലെ കാലതാമസം തുടങ്ങിയ കാരണങ്ങൾ നിരത്തിയാണ് സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കുന്നത് എന്നത് സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിനായി, റിപ്പോർട്ട് ഏറെ കുടിശ്ശികയാക്കിയ കൃഷി വകുപ്പിൽ നിന്നും 25-9-2019-ന് വകുപ്പ് സെക്രട്ടറി, സ്ഥാപനങ്ങളുടെ മേധാവികൾ ഉൾപ്പെടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുത്തു. പ്രസ്തുത തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിന് നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

## (1) കേരള കാർഷിക സർവ്വകലാശാല

3. കേരളത്തിലെ ഏക കാർഷിക സർവ്വകലാശാലയായ കേരള കാർഷിക സർവ്വകലാശാല 1941-ൽ തൃശ്ശൂരിലെ വെള്ളാനിക്കര ആസ്ഥാനമായി നിലവിൽ വന്നു. കാർഷിക അനുബന്ധ മേഖലകളായ വിളപരിപാലനം വനപരിപാലനം തുടങ്ങിയ മേഖലകളിൽ കേരള സംസ്ഥാനത്തെ സുസ്ഥിര വികസനത്തിലേയ്ക്കുള്ള പാതയിലേയ്ക്ക് നയിക്കുന്നതിൽ പ്രതിജ്ഞാബദ്ധമായ ഈ സർവ്വകലാശാല പ്രസ്തുത മേഖലകളിൽ വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നിവ നടത്തി വരുന്നു.

4. 1971-ലെ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ആക്ടിലെ സെക്ഷൻ 47(4), 57(2) എന്നിവയിൽ ആഡിറ്റ് റിപ്പോർട്ട്, വാർഷിക റിപ്പോർട്ട് എന്നിവ നിയമസഭയിൽ സമർപ്പിക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

47 (4) " The Executive Committee shall submit a copy of the accounts and the audit report to the Government along with a statement of the action taken by the University on the audit report for the financial year ending on 31st March of the year on or before the first day of March of the succeeding year and on such receipt the Government shall immediately cause the same to be laid on the table of the Legislative Assembly if it is in session, and if it is not in session in the next session immediately following such receipt."

57(2) " The General Council shall, after consideration of the annual report, ending on 31st March of the year forward it to the Government with comments as may be deemed necessary on or before the 15th day of September of the succeeding year and the Government shall immediately cause a copy of the report together with its comments to be laid on the table of the Legislative Assembly if it is session and if it is not in session in the next session immediately following such receipt."

5. കാർഷിക സർവ്വകലാശാലയുടെ 2017-18, 2018-19 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ യഥാക്രമം 30-11-2018, 29-10-2019 എന്നീ തീയതികളിൽ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ആഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കുന്നതിൽ സർവ്വകലാശാലയുടെ ഭാഗത്തുനിന്നും ഉദാസീനത ഉണ്ടാകുന്നതായി സമിതി ചൂണ്ടിക്കാട്ടി. 2015-16 വരെയുള്ള ആഡിറ്റ് റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. 2016-17 -ലെ ആഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ കാലതാമസ പത്രിക നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. കാലതാമസപത്രിക ലഭ്യമായെങ്കിൽ മാത്രമേ പ്രസ്തുത റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ <u>2016-17-ലെ ആഡിറ്റ് റിപ്പോർട്ടിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് നാളിതുവരെ ലഭ്യമാക്കാത്തതിനുള്ള കാരണം വ്യക്തമാക്കണമെന്നും പ്രസ്തുത ഡിലേ സ്റ്റേറ്റ്മെന്റ് അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>

6. കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി ആക്ട് സെക്ഷൻ 47(4) പ്രകാരം ഓരോ സാമ്പത്തിക വർഷത്തെയും ആഡിറ്റ് റിപ്പോർട്ടും അതിന്മേൽ സർവ്വകലാശാല സ്വീകരിച്ച നടപടി റിപ്പോർട്ടും അടുത്ത വർഷം മാർച്ച് 1-ാം തീയതിക്ക് മുമ്പ് സർക്കാരിന് സമർപ്പിക്കേണ്ടത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചുമതലയാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

7. എന്നാൽ ആഡിറ്റ് റിപ്പോർട്ടിനോടൊപ്പം ആഡിറ്റ് റിപ്പോർട്ടിന്മേൽ സർവ്വകലാശാല സ്വീകരിച്ച നടപടി റിപ്പോർട്ട് സമർപ്പിക്കുന്നില്ലെന്ന് സമിതി കണ്ടെത്തി. നടപടി റിപ്പോർട്ട് ലഭ്യമാക്കാത്തതിലുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തി സമിതിയെ അറിയിക്കണമെന്നും സർവ്വകലാശാലയുടെ 2017-18, 2018-19 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടും അതിന്മേൽ സർവ്വകലാശാല സ്വീകരിച്ച നടപടി റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## (2) കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ ലിമിറ്റഡ്

8. നാളികേരത്തിന്റെയും നാളികേര ഉല്പന്നങ്ങളുടെയും വിപണനം കാര്യക്ഷമമാക്കുക എന്ന ഉദ്ദേശ്യത്തോടെ 1975-ൽ സർക്കാർ സ്ഥാപിച്ച ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ ലിമിറ്റഡ്. വെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, കോക്കനട്ട് ചിപ്സ്, നീര, നീരതേൻ തുടങ്ങിയ വിവിധ നാളികേര വികസന കോർപ്പറേഷൻ ഉല്പന്നങ്ങൾ "കേരജം"എന്ന ബ്രാൻഡ് നാമത്തിൽ കോർപ്പറേഷൻ നിർമ്മിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്നു. 1956-ലെ കമ്പനീസ് ആക്ട് പ്രകാരമാണ് സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. സ്ഥാപനത്തിന്റെ 1996-97 മുതൽ 2013-14 വരെയുള്ള വാർഷിക റിപ്പോർട്ടും കണക്കുകളും 13-6-2019-നാണ് സഭയിൽ സമർപ്പിച്ചത്.

9. നാളികേര വികസന കോർപ്പറേഷന്റെ 1996-97 മുതൽ 2013-14 വരെയുള്ള വാർഷിക റിപ്പോർട്ടുകളും കണക്കുകളും ഒന്നിച്ച് സമർപ്പിച്ചതുമൂലം പ്രസ്തുത റിപ്പോർട്ടികളിന്മേലുള്ള അപാകതകളും പോരായ്മകളും യഥാസമയം ചൂണ്ടിക്കാണിക്കുന്നതിനുള്ള അവസരം നിയമസഭാംഗങ്ങൾക്ക് നഷ്ടപ്പെടുകയാണെന്ന് സൂചിപ്പിച്ചുകൊണ്ട് ശ്രീ. എം. ഉമ്മർ, എം.എൽ.എ. നിയമസഭയിൽ ക്രമപ്രശ്നം ഉന്നയിക്കുകയും ആയതിന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകുകയും ചെയ്തു. കുടിശ്ശിക റിപ്പോർട്ടുകൾ ഒന്നിച്ച് നൽകിയ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ഓരോ വർഷത്തേയും റിപ്പോർട്ടുകൾക്ക് പ്രത്യേകം പ്രത്യേകം കാലതാമസപത്രിക ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ടി റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായതിലും 1996-97 മുതൽ 2013-14 വരെയുള്ള വാർഷിക റിപ്പോർട്ടും കണക്കുകളും ഒന്നിച്ച് സമർപ്പിച്ചതും എന്തുകൊണ്ടാണെന്നും വിശദീകരിക്കണമെന്നും 2014-15 മുതൽ 2017-18 വരെയുള്ള വാർഷിക റിപ്പോർട്ടുകളും, ആഡിറ്റ് റിപ്പോർട്ടുകളും എപ്പോൾ സഭയിൽ സമർപ്പിക്കാൻ കഴിയുമെന്നും തെളിവെടുപ്പ് വേളയിൽ ചെയർമാൻ ആരായുകയും ചെയ്തിരുന്നു.

10. ആയതിന്, നാളികേര വികസന കോർപ്പറേഷൻ 1996-ൽ പ്രവർത്തന രഹിതമാകുകയും 1998-ൽ നാളികേര വികസന കോർപ്പറേഷൻ ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനിക്കുകയും ചെയ്തുവെന്നും ഈ കാലയളവിൽ സ്ഥാപനമോ ജീവനക്കാരോ ഉണ്ടായിരുന്നില്ലെന്നും 2014-ൽ സ്ഥാപനത്തെ പുനരുജീവിപ്പിച്ചതിന് ശേഷമാണ് പ്രസ്തുത കാലയളവിലെ അക്കൗണ്ട്സ് ഫൈനലൈസ് ചെയ്യാനുള്ള നടപടി സ്വീകരിച്ചതെന്നും രേഖകൾ പലതും ലഭ്യമല്ലായിരുന്നുവെന്നും 2017-18 വരെയുള്ള ആഡിറ്റുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ടെന്നും അതനുസരിച്ച് ബാക്കി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം പരിഹരിച്ചുകൊണ്ടിരിക്കുകയാണെന്നും 2017-18 വരെയുള്ള കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് ആഡിറ്ററെ നിയോഗിച്ചിട്ടുണ്ടെന്നും 2014-15-ലെ റിപ്പോർട്ട് ജനറൽ ബോഡി അംഗീകരിച്ചിട്ടുണ്ടെന്നും ആയത് 2019 ഡിസംബർ മാസത്തിനുള്ളിലും 2017-18 വരെയുള്ള റിപ്പോർട്ടുകൾ 2020 മാർച്ച് മാസത്തിനുള്ളിലും സമർപ്പിക്കാമെന്നും കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ എം. ഡി. പ്രസ്തുത യോഗത്തിൽ ഉറപ്പ് നൽകിയിരുന്നു.

11. എന്നാൽ പ്രസ്തുത ഉറപ്പ് നാളിതുവരെ പാലിക്കാതിരിക്കുന്നത് സ്ഥാപനത്തിന്റെയും വകുപ്പിന്റെയും ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി സമിതി കണക്കാക്കുന്നു. തെളിവെടുപ്പ് വേളയിൽ സമിതിക്ക് നൽകിയ ഉറപ്പ് പാലിക്കാതിരുന്നതിനുള്ള കാരണമെന്താണെന്ന് സമിതിയെ അറിയിക്കണമെന്നും ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച ആവർത്തിക്കാതിരിക്കുന്നതിന് വകുപ്പ് കർശന നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

12. 2014-15 മുതൽ 2018-19 വരെയുള്ള വാർഷിക / ആഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും ഓരോ വർഷത്തേയും കുടിശ്ശിക റിപ്പോർട്ടുകൾക്കൊപ്പം പ്രത്യേകം ഡിലേ സ്റ്റേറ്റുമെന്റുകൾ ലഭ്യമാക്കണമെന്നും അവ ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/13/ധന. നമ്പർ സർക്കുലർ പ്രകാരമുള്ളതായിരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### (3) ഓയിൽപാം ഇന്ത്യാ ലിമിറ്റഡ്

13. 1977-ൽ കേരളത്തിലെ എണ്ണപ്പനക്കൃഷിയുടെ വളർച്ചയും പ്രോത്സാഹനത്തിനുമായി രൂപംകൊണ്ട കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമാണ് ഓയിൽപാം ഇന്ത്യാ ലിമിറ്റഡ്. കൊല്ലം ജില്ലയിലെ ഏരൂർ, ചിതറ, കുളത്തുപ്പുഴ എന്നീ മൂന്ന് എസ്റ്റേറ്റുകളിലായി 3646 ഹെക്ടറിൽ ഈ പ്ലാന്റേഷൻ പടർന്നു കിടക്കുന്നു.

14. കമ്പനീസ് ആക്ട് 1956, 2013 എന്നിവ പ്രകാരമാണ് സ്ഥാപനം പ്രവർത്തിച്ചു വരുന്നത്. കമ്പനീസ് ആക്ട് 2013-ലെ സെക്ഷൻ 394 പ്രകാരം ആന്വൽ ജനറൽ മീറ്റിംഗ് നടത്തി

മൂന്ന് മാസത്തിനുള്ളിൽ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് നിർദ്ദേശിക്കുന്നു. 25-9-2019-ലെ തെളിവെടുപ്പ് തീയതി വരെ സ്ഥാപനത്തിന്റെ 2016-17-ലെ റിപ്പോർട്ട് മാത്രമേ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിരുന്നുള്ളൂ.

15. സ്ഥാപനത്തിന്റെ 2017-18, 2018-19 സാമ്പത്തിക വർഷത്തെ ആഡിറ്റിംഗ് പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിലേക്ക് അംഗീകാരത്തിന് വേണ്ടി അയച്ചിട്ടുണ്ടെന്നും ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചു.

16. സ്ഥാപനത്തിന്റെ 2017-18, 2018-19 സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ടെന്നും രണ്ടാഴ്ചയ്ക്കകം അത് പരിശോധിച്ച് സമിതി മുമ്പാകെ ഹാജരാക്കാൻ കഴിയുമെന്നും കൃഷി വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകിയിരുന്നു. പ്രസ്തുത ഉറപ്പ് പൂർണ്ണമായി പാലിക്കുവാൻ കഴിഞ്ഞില്ലെങ്കിലും സ്ഥാപനത്തിന്റെ 2017-18, 2018-19 വർഷങ്ങളിലെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കുകയും ആയവ യഥാക്രമം 5-11-2019, 24-8-2020 എന്നീ തീയതികളിൽ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

17. <u>സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന വാർഷിക റിപ്പോർട്ടിൽ ആഡിറ്റ് റിപ്പോർട്ട് കൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പുറംചട്ടയിൽ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും എന്ന് വ്യക്തമായി രേഖപ്പെടുത്തണമെന്നും അപ്രകാരം അല്ലെങ്കിൽ ആഡിറ്റ് റിപ്പോർട്ട് പ്രത്യേകം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

### (4) പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്.

18. പൊതുമേഖലയിലെ ഏറ്റവും വലിയ പ്ലാന്റേഷൻ കമ്പനിയായ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് 1962-ൽ കേരള സർക്കാർ രൂപീകരിച്ചു. കേരളത്തിന്റെ കാർഷിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുകയായിരുന്നു കമ്പനി സ്ഥാപിച്ചതിന്റെ ലക്ഷ്യം.

19. കമ്പനീസ് ആക്ട് 1956 പ്രകാരമാണ് സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തുത ആക്ടിലെ സെക്ഷൻ 619A പ്രകാരം വാർഷിക റിപ്പോർട്ട്, ആഡിറ്റ് റിപ്പോർട്ട് എന്നിവ എ.ജി-യുടെ കമന്റ്സ് ഉൾപ്പെടെ ആന്വൽ ജനറൽ മീറ്റിംഗ് അംഗീകരിച്ച് മൂന്ന് മാസത്തിനുള്ളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

20. സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക റിപ്പോർട്ട് 4-7-2019-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. <u>കോർപ്പറേഷന്റെ 2018-19-ലെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് അടിയന്തരമായി ലഭ്യമാക്കണമെന്നും തുടർന്ന് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ പുറംചട്ടയിൽ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും എന്ന് വ്യക്തമായി രേഖപ്പെടുത്തി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

## (5) കേരള കേര കർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡ് (കേരഫെഡ്)

21. കേരളത്തിലെ നാളികേര കർഷക സഹകരണ സംഘങ്ങളുടെ അപ്പക്സ് ഫെഡറേഷനാണ് കേരഫെഡ് എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന കേരള കേര കർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡ് (കേരഫെഡ്).

22. സ്ഥാപനത്തിന്റെ 2013-14-ലെ ആഡിറ്റ് റിപ്പോർട്ട് 10-2-2016-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. കേരഫെഡിന്റെ 2016-17 വരെയുള്ള ആഡിറ്റ് റിപ്പോർട്ടുകൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്നും 2017-18 വർഷത്തെ ആഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും രണ്ടാഴ്ചയ്ക്കകം ആഡിറ്റ് റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കുന്നതാണെന്നും മാനേജർ (ഫിനാൻസ്) തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു.

23. എന്നാൽ പ്രസ്തുത ഉറപ്പ് പാലിക്കുന്നതിൽ വകുപ്പിന്റേയോ സ്ഥാപനത്തിന്റെയോ ഭാഗത്തുനിന്ന് യാതൊരു നടപടിയും ഉണ്ടാകാത്തതിൽ സമിതി ശക്തമായ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സ്ഥാപനത്തിന്റെ 2014-15 മുതൽ 2018-19 വരെയുള്ള വാർഷിക ആഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതിക്ക് നൽകിയ ഉറപ്പ് പാലിക്കാതിരുന്നതിനുള്ള കാരണം അടിയന്തരമായി സമിതിയെ അറിയിക്കണമെന്നും ഇതിനായി വകുപ്പ് സെക്രട്ടറി ശ്രദ്ധ ചെലുത്തണമെന്നും സമിതി കർശന നിർദ്ദേശം നൽകുന്നു.

## (6) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ (KSWC)

24. കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ (KSWC) 1962-ലെ വെയർഹൗസിംഗ് കോർപ്പറേഷൻ ആക്ട് (സെൻട്രൽ ആക്ട് 58/1962) പ്രകാരമാണ് പ്രവർത്തിക്കുന്നത്. സെൻട്രൽവെയർ ഹൗസിംഗ് കോർപ്പറേഷന്റെ 50% ഓഹരി മൂലധനവും കേരള സർക്കാരിന്റെ 50% ഓഹരി മൂലധനവും ഉള്ള KSWC ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനാണ്. കാലാകാലങ്ങളിൽ സർക്കാർ പരസ്യപ്പെടുത്തുന്ന എല്ലാത്തരം കാർഷിക ഉത്പന്നങ്ങളും വെയർഹൗസുകളിൽ സംഭരിക്കുന്നതിനുവേണ്ടി സ്വീകരിക്കുന്നു. കാർഷികോത്പന്നങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംഭരിക്കുക വഴി കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിന് സഹായിക്കുക എന്നതാണ് വെയർഹൗസിംഗ് പദ്ധതിക്ക് പിന്നിലെ ആശയം.

25. 1962-ലെ വെയർഹൗസിംഗ് കോർപ്പറേഷൻ ആക്ടിലെ സെക്ഷൻ 31(10), 31(11) എന്നിവയിൽ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

31 (10) " The annual accounts of a Warehousing Corporation together with the audit report thereon shall be placed before the annual general meeting of the Corporation within six months of the close of the financial year."

31 (11) "Every audit report under this section shall be forwarded to the appropriate Government within a month of its being placed before the annual general meeting and that Government shall as soon thereafter as may be cause the same to be laid before both Houses of Parliament or the Legislature of the State, as the case may be."

26. സ്ഥാപനത്തിന്റെ 2015-16 -ലെ വാർഷിക റിപ്പോർട്ടും കണക്കുകളും 13-6-2019-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ 2017-18-ലെ ആഡിറ്റിംഗ് പൂർത്തിയായിട്ടുണ്ടെന്നും രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് ഗവൺമെന്റിൽ സമർപ്പിക്കുന്നതാണെന്നും മാനേജിംഗ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു. അതിൻപ്രകാരം സ്ഥാപനത്തിന്റെ 2016-17, 2017-18 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടും കണക്കുകളും സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കുകയും ആയവ യഥാക്രമം 5-11-2019, 5-2-2020 എന്നീ തീയതികളിൽ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

27. <u>റിപ്പോർട്ടുകൾ ലഭ്യമാക്കിയതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം 2018-19 സാമ്പത്തിക വർഷത്തെ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.</u>

## (7) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്

28. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് 1968-ൽ സ്ഥാപിതമായി. 1956-ലെ കമ്പനീസ് ആക്റ്റ് പ്രകാരമാണ് സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. റിപ്പോർട്ടുകൾ വളരെയധികം കുടിശ്ശികയുള്ള ഈ സ്ഥാപനത്തിന്റെ 2012-13 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ തെളിവെടുപ്പ് തീയതി വരെ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. സ്ഥാപനത്തിന്റെ 2013-14-ലെ ആഡിറ്റിംഗ് പൂർത്തിയാക്കി സി & എ. ജി-ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും അതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഗവൺമെന്റിന് സമർപ്പിക്കുന്നതാണെന്നും 2014-15 മുതൽ 2017-18 വരെയുള്ള ആഡിറ്റിംഗ് വളരെ വേഗത്തിൽ പുരോഗമിക്കുകയാണെന്നും 2013-14 ആഡിറ്റ് റിപ്പോർട്ട് 2019 ഒക്ടോബർ 31-നകവും 2014-15 റിപ്പോർട്ട് 2019 ഡിസംബർ 31 നകവും 2015-16-ലെ ആഡിറ്റ് റിപ്പോർട്ട് 2020 മാർച്ച് 31-നകവും ഹാജരാക്കാൻ സാധിക്കുമെന്ന് മാനേജിംഗ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു.

29. എന്നാൽ തെളിവെടുപ്പിനുശേഷം സ്ഥാപനത്തിന്റെ 2013-14-ലെ റിപ്പോർട്ടൊഴികെ ഒരു റിപ്പോർട്ടുപോലും നാളിതുവരെ ലഭ്യമാക്കാത്ത കോർപ്പറേഷന്റെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

30. തെളിവെടുപ്പ് വേളയിൽ സമിതിക്ക് നൽകിയ ഉറപ്പ് പ്രകാരമുള്ള സമയ പരിധിയിൽ റിപ്പോർട്ടുകൾ പൂർത്തീകരിക്കുന്നതിൽ കോർപ്പറേഷനും അവ നിയമസഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കുന്നതിൽ വകുപ്പുതലത്തിലും കാണിച്ച അനാസ്ഥ സമിതി അതീവ ഗൗരവത്തോടെ കാണുന്നു. അതോടൊപ്പം 2014-15 മുതൽ 2018-19 വരെയുള്ള വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി അടിയന്തരമായി ലഭ്യമാക്കണമെന്നും ഇതിനായി വകുപ്പ് സെക്രട്ടറി ശ്രദ്ധ ചെലുത്തണമെന്നും സമിതി കർശന നിർദേശം നൽകുന്നു.

## (8) കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (KAMCO)

31. കാർഷിക യന്ത്ര സാമഗ്രികളുടെ നിർമ്മാണത്തിനായി കേരള അഗ്രോ മെഷിനറി ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു അനുബന്ധ കമ്പനിയായി 1973-ൽ കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (KAMCO) സ്ഥാപിതമായി. 1986-ൽ KAMCO കേരള സർക്കാരിന് കീഴിലുള്ള പ്രത്യേക സംരംഭമായി മാറി.

32. 1956-ലെ കമ്പനീസ് ആക്ട് പ്രകാരമാണ് സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. സ്ഥാപനത്തിന്റെ 2018-19 വാർഷിക റിപ്പോർട്ട് 24-8-2020-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

33. സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക റിപ്പോർട്ടിനൊപ്പം ആഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല എന്ന് തെളിവെടുപ്പ് വേളയിൽ സമിതി ചൂണ്ടിക്കാട്ടിയപ്പോൾ വാർഷിക റിപ്പോർട്ടിനൊപ്പം ആഡിറ്റ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടുണ്ടെന്നും റിപ്പോർട്ടിന്റെ പുറംചട്ടയിൽ വാർഷിക റിപ്പോർട്ട് എന്ന് പ്രിന്റ് ചെയ്തതുകൊണ്ടാണ് ഈ തെറ്റിദ്ധാരണ ഉണ്ടായതെന്നും മേലിൽ ഇത്തരത്തിലുള്ള വീഴ്ച ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

34. സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി സമയബന്ധിതമായി ലഭ്യമാക്കണമെന്നും വാർഷിക റിപ്പോർട്ടിൽ ആഡിറ്റ് റിപ്പോർട്ട് കൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഇനി മുതൽ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ പുറം ചട്ടയിൽ "വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും" എന്ന് വ്യക്തമായി രേഖപ്പെടുത്തി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## (9) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

35. കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി ഭൂവികസനവും അനുബന്ധ പദ്ധതികളും പ്രോത്സാഹിപ്പിക്കുക, ഏറ്റെടുക്കുക, നടപ്പിലാക്കുക എന്നിവ ലക്ഷ്യമിട്ട് 1972-ൽ കാർഷിക വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ കേരള ലാന്റ് ഡെവലപ്മെന്റ്

കോർപ്പറേഷൻ ലിമിറ്റഡ് നിലവിൽ വന്നു. 1956-ലെ കമ്പനീസ് ആക്ട് പ്രകാരമാണ് സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടുള്ളത്. 1956-ലെ കമ്പനീസ് ആക്ട് സെക്ഷൻ 619 A, 2013-ലെ കമ്പനീസ് ആക്ട് സെക്ഷൻ 394 എന്നിവ പ്രകാരം വാർഷിക റിപ്പോർട്ട്, വാർഷിക കണക്ക് എന്നിവ സഭയിൽ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

36. എന്നാൽ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിൽ വളരെയധികം കാലതാമസം വരുത്തുന്ന ഒരു സ്ഥാപനമാണ് കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ. തെളിവെടുപ്പ് തീയതി വരെ സ്ഥാപനത്തിന്റെ 2013-14-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും മാത്രമേ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിരുന്നുള്ളൂ.

37. കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2014-15-ലെ ആഡിറ്റ് റിപ്പോർട്ട് സി.&എ.ജി.-യുടെ പരിശോധനയ്ക്ക് അയച്ചിരിക്കുകയാണെന്നും അത് ലഭിക്കുന്ന മുറയ്ക്ക് ഗവൺമെന്റിന് സമർപ്പിക്കുന്നതാണെന്നും 2017-18 വരെയുള്ള ആഡിറ്റിംഗ് 2020 മാർച്ച് 31-ന് മുൻപ് പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാമെന്നും മാനേജിംഗ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിക്ക് ഉറപ്പ് നൽകിയിരുന്നു. അതിൻ പ്രകാരം ലഭ്യമാക്കിയ സ്ഥാപനത്തിന്റെ 2014-15-ലെ റിപ്പോർട്ട് 24-8-2020-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

38. തെളിവെടുപ്പ് വേളയിൽ സമിതിക്ക് നൽകിയ ഉറപ്പ് പൂർണ്ണമായി പാലിക്കുവാൻ കോർപ്പറേഷന്റേയോ വകുപ്പിന്റേയോ ഭാഗത്തു നിന്ന് യാതൊരു നടപടിയും ഉണ്ടാകാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള തികഞ്ഞ അശ്രദ്ധയും അലംഭാവവുമാണ് ഇത് സൂചിപ്പിക്കുന്നതെന്നും ഇത് ഒരിക്കലും ന്യായീകരിക്കാനാവില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

39. വിവിധ സ്കീമുകളും പ്രോജക്ടുകളും നിർവ്വഹിക്കപ്പെടുകയും ധാരാളം പൊതുപണം ഉപയോഗിക്കുകയും ചെയ്യുന്ന പ്രസ്തുത സ്ഥാപനം കണക്കുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തത് അക്ഷന്തവ്യമായ കൃത്യവിലോപമായി സമിതി കണക്കാക്കുന്നു. സ്ഥാപനത്തിന്റെ കണക്കുകൾ യഥാസമയം സമിതിക്ക് ലഭിച്ചാൽ മാത്രമേ സർക്കാർ ധനം എപ്രകാരം വിനിയോഗിച്ചു എന്ന് മനസ്സിലാക്കുവാൻ സഭയ്ക്കും സമിതിക്കും സാധിക്കുകയുള്ളൂ. ആയതിനാൽ കണക്കുകൾ തയ്യാറാക്കുന്നതിൽ ഏത് ഭാഗത്താണ് വീഴ്ച സംഭവിച്ചതെന്ന് കണ്ടെത്തി സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്നും കണക്കുകളിലെ ബാക്ക് ലോഗ് തീർത്ത് 2015-16 മുതൽ 2018-19 വരെയുള്ള വാർഷിക / ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും സമിതി കർശന നിർദ്ദേശം നൽകുന്നു.

## (10) ഹോർട്ടികൾച്ചറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ഹോർട്ടികോർപ്പ്)

40. കേരള സംസ്ഥാന കാർഷിക വകുപ്പിന് കീഴിൽ പൂർണ്ണ ഉടമസ്ഥതയിലുള്ള സർക്കാർ കമ്പനിയാണ് ഹോർട്ടികൾച്ചറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്. ഈ സ്ഥാപനം 1989 മാർച്ച് 20-ന് രജിസ്ട്രാർ ഓഫ് കമ്പനീസിൽ രജിസ്റ്റർ ചെയ്തു. സംസ്ഥാനത്തൊട്ടാകെയുള്ള ഹോർട്ടികൾച്ചറൽ ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, ശേഖരണം, വിപണനം എന്നിവയുടെ ചുമതല സംസ്ഥാന സർക്കാർ ഹോർട്ടികോർപ്പിന് നൽകിയതുവഴി പച്ചക്കറികൾ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും യുക്തിരഹിതമായ വിലവർദ്ധനവ് തടയുന്നതിനും സാധിക്കുന്നു.

41. 1956-ലെ കമ്പനീസ് ആക്റ്റ് പ്രകാരമാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. വാർഷിക ആഡിറ്റ് റിപ്പോർട്ടുകൾ ഒരു സാമ്പത്തിക വർഷം അവസാനിച്ച് 9 മാസത്തിനകം സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ ഭീമമായ കുടിശ്ശികയാണ് ഹോർട്ടികോർപ്പ് വരുത്തിയിരിക്കുന്നത്. 25-9-2019-ലെ തെളിവെടുപ്പ് തീയതിവരെ സ്ഥാപനത്തിന്റെ 2010-11 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിരുന്നുള്ളൂ. ഈ കാലതാമസത്തിനുള്ള കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് 1997-98 സാമ്പത്തിക വർഷം മുതൽ ഹോർട്ടികൾച്ചറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ആഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിൽ കാലതാമസം വന്നിരുന്നുവെന്നും അതിന്റെ പൂർത്തീകരണ പ്രവർത്തനങ്ങൾ 2007 മുതലാണ് ആരംഭിച്ചതെന്നും 2014-2015 സാമ്പത്തിക വർഷം വരെയുള്ള ആഡിറ്റിംഗ് ഇപ്പോൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും 2019 ഡിസംബർ 31- ന് മുൻപ് 2015-16 വരെയുള്ള ആഡിറ്റിംഗ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കുമെന്നും മാനേജിംഗ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ ഉറപ്പ് നൽകിയിരുന്നു. പ്രസ്തുത ഉറപ്പ് പൂർണ്ണമായി പാലിക്കുവാൻ കഴിഞ്ഞില്ലെങ്കിലും 2013-14 വർഷം വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കുകയും ടി റിപ്പോർട്ടുകൾ 5-2-2020-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

42. <u>2014-15 മുതൽ 2018-19 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി അടിയന്തരമായി ലഭ്യമാക്കണമെന്നും അതിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി സമിതിക്ക് ലഭ്യമാക്കണമെന്നും വകുപ്പ് സെക്രട്ടറി ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

<u>43. വാർഷിക റിപ്പോർട്ടിൽ ആഡിറ്റ് റിപ്പോർട്ട് കൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പുറംചട്ടയിൽ 'വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും' എന്ന് വ്യക്തമായി രേഖപ്പെടുത്തണമെന്നും അപ്രകാരം അല്ലെങ്കിൽ ആഡിറ്റ് റിപ്പോർട്ട് പ്രത്യേകം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

### (11) കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ

44. കടബാദ്ധ്യതമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിന്, ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിനുള്ള അധികാരം ഉള്ളതും മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും അത്തരം കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുന്നതിനും വേണ്ടി സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ച ഒരു കമ്മീഷനാണ് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ. 2007-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് പ്രകാരമാണ് കമ്മീഷൻ പ്രവർത്തിച്ചുവരുന്നത്. സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്താണ് കമ്മീഷന്റെ ആസ്ഥാനം.

45. 2007-ലെ കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിലെ 14, 15 എന്നീ വകുപ്പുകളിലും 2007-ലെ കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങളിലെ 21-ാം ഖണ്ഡത്തിലും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

46. 2007-ലെ കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിലെ-സെക്ഷൻ

" 14. വാർഷിക റിപ്പോർട്ട് നിയമസഭയുടെ മുമ്പാകെ വയ്ക്കണമെന്ന് - (1) കമ്മീഷൻ ഈ ആക്റ്റുപ്രകാരമുള്ള അതിന്റെ ആ വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതും അത് നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള തീയതിക്കോ അതിനു മുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുള്ള വാർഷിക റിപ്പോർട്ട് സർക്കാരിന് ലഭിച്ചാലുടൻ തന്നെ എത്രയും വേഗത്തിൽ നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

15.കണക്കുകളും ആഡിറ്റും-(1) കമ്മീഷൻ ശരിയായ കണക്കുകളും മറ്റു പ്രസക്തമായ രേഖകളും സൂക്ഷിച്ചുപോരേണ്ടതും കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ തയ്യാറാക്കേണ്ടതുമാണ്.

(2) കമ്മീഷന്റെ കണക്കുകൾ വർഷംതോറും ആഡിറ്റ് ചെയ്യേണ്ടതും ആഡിറ്റ് റിപ്പോർട്ട് നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതുമാണ്. "

47. 2007-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം :- 2007-ലെ കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിലെ " 14-ാം വകുപ്പ് (1) ഉപവകുപ്പ് അനുസരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ട വാർഷിക റിപ്പോർട്ട് ബന്ധപ്പെട്ട അതാതു സാമ്പത്തിക വർഷാവസാനത്തിന് ശേഷമുള്ള ജൂൺ 30-നകം ഫാറം എഫ്-ൽ സമർപ്പിച്ചിരിക്കേണ്ടതാണ്"എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

48. സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും 29-5-2019-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## (12) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

49. കേരള സർക്കാരിന്റെ കൃഷി വകുപ്പിന് കീഴിൽ 1972-ൽ നിലവിൽ വന്ന പൊതുമേഖലാ സ്ഥാപനമാണ് സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്. കമ്പനീസ് ആക്റ്റ് 1956 പ്രകാരമാണ് സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടുള്ളത്.

50. സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക റിപ്പോർട്ട് 30-11-2018-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ കാലതാമസം വരുത്താതെ സഭയിൽ സമർപ്പിക്കുന്നതിൽ സമിതി അഭിനന്ദനം അറിയിക്കുന്നതോടൊപ്പം തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകളും സമയബന്ധിതമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും മറ്റ് സ്ഥാപനങ്ങൾ ഈ മാതൃക പിന്തുടരേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

51. വാർഷിക റിപ്പോർട്ടിൽ ആഡിറ്റ് റിപ്പോർട്ട് കൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പുറംചട്ടയിൽ 'വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും' എന്ന് വ്യക്തമായി രേഖപ്പെടുത്തണമെന്നും അപ്രകാരം അല്ലെങ്കിൽ ആഡിറ്റ് റിപ്പോർട്ട് പ്രത്യേകം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## (13) വാഴക്കുളം അഗ്രോ ആൻഡ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ് ( VAFPCL)

52. 31-8-2013 തീയതിയിലെ ജി.ഒ. (എംഎസ്.) നമ്പർ 263/13/എ.ഡി. പ്രകാരം സ്ഥാപിതമായ കേരള സർക്കാർ ഉടമസ്ഥതയിലുള്ള ഒരു സ്ഥാപനമാണ് വാഴക്കുളം അഗ്രോ ആൻഡ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ്. 1956-ലെ കമ്പനീസ് ആക്ട് പ്രകാരമാണ് സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേരള സർക്കാരിന്റെ 51% ഓഹരിയും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിന്റെ 19% ഓഹരിയും രജിസ്റ്റർ ചെയ്ത കർഷകരുടെ 30% ഓഹരിയുമായാണ് സ്ഥാപനം പ്രവർത്തിക്കുന്നത്.

53. സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക റിപ്പോർട്ട് 29-5-2019-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ വലിയ കാലതാമസം കൂടാതെ സഭയിൽ സമർപ്പിക്കുന്നതിൽ സമിതി അഭിനന്ദനം അറിയിക്കുന്നതോടൊപ്പം തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകളും സമയബന്ധിതമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

54. സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന വാർഷിക റിപ്പോർട്ടിൽ ആഡിറ്റ് റിപ്പോർട്ട് കൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പുറംചട്ടയിൽ 'വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും' എന്ന് വ്യക്തമായി രേഖപ്പെടുത്തണമെന്നും ഉൾപ്പെട്ടിട്ടില്ലെങ്കിൽ ആയത് പ്രത്യേകം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

55. കൃഷി വകുപ്പിനെ തെളിവെടുപ്പിനായി വിളിച്ചതുമൂലം റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച വകുപ്പുതല പ്രവൃത്തികൾ ഫലപ്രദമാക്കുമെന്നുള്ള വിശ്വാസം സമിതിക്ക് ഉണ്ട്. ജോലിയുടെ പ്രാധാന്യം കണക്കിലെടുത്ത് എല്ലാ സ്ഥാപനങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കണമെന്നും സെക്രട്ടറി തലത്തിൽത്തന്നെ പ്രവൃത്തികൾ ഏകോപിപ്പിക്കണമെന്നും വീഴ്ചകളിൽ നിന്നും പാഠം ഉൾക്കൊണ്ട് മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന വകുപ്പായി മാറാനുള്ള സാധ്യത കൃഷിവകുപ്പിനുണ്ടെന്നും സമിതിക്ക് ഉറപ്പ് നൽകിയതു പ്രകാരം ചട്ടപ്രകാരമുള്ള സമയപരിധിയ്ക്കുള്ളിൽ തന്നെ രേഖകൾ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കുന്ന തരത്തിൽ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നത് സംബന്ധിച്ച ചട്ടങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

56. കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാരിന്റെ സാമ്പത്തിക സഹായം കൈപ്പറ്റുന്ന മുഴുവൻ സ്ഥാപനങ്ങളുടെ ലിസ്റ്റും ഓരോ സ്ഥാപനത്തിനും 2019-20 സാമ്പത്തിക വർഷം ലഭ്യമാക്കിയ സാമ്പത്തിക സഹായം സംബന്ധിച്ചുള്ള വിശദവിവരവും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

57. കൃഷി വകുപ്പിന് കീഴിൽ പുതുതായി ആരംഭിക്കുന്ന പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയുടെ വിശദാംശം കാലാകാലങ്ങളിൽ സമിതിയെ അറിയിക്കുകയും അത്തരം സ്ഥാപനങ്ങളുടെ രൂപീകരണത്തിന് ആധാരമായ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രസ്തുത സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനായി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

58. കുടിശ്ശിക വരുത്തിയ റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികകളിൽ "മേലിൽ ഇത്തരം കാലതാമസം വരുത്തുകയില്ല" എന്ന് സത്യവാങ്മൂലം നൽകിയിട്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ വീണ്ടും കാലതാമസം ഉണ്ടാക്കുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം കുടിശ്ശിക റിപ്പോർട്ടുകൾക്കൊപ്പം ഹാജരാക്കുന്ന കാലതാമസപത്രികകൾ ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/2013/ധന. നമ്പർ സർക്കുലർ (അനുബന്ധം-2 ) പ്രകാരമുള്ളതായിരിക്കണമെന്ന് സമിതി കർശന നിർദേശം നൽകുന്നു.

മോൻസ് ജോസഫ്,

*അദ്ധ്യക്ഷൻ,*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 11.

## അനുബന്ധം 1

## കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നത് സംബന്ധിച്ച ചട്ടങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166, 166(എ), 166(ബി) എന്നിവ കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നത് സംബന്ധിച്ച് പ്രതിപാദിക്കുന്നു.

166. റെഗുലേഷനുകൾ, ചട്ടം മുതലായവ മേശപ്പുറത്തുവയ്ക്കൽ

"ഭരണ ഘടനയോ, പാർലമെന്റിന്റെ ഒരു ആക്ട് വഴി സംസ്ഥാന സർക്കാരിനോ അല്ലെങ്കിൽ സഭ ഒരു സബോർഡിനേറ്റ് അതോറിറ്റിക്കോ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരമോ ഉപയോഗിച്ച് ഉണ്ടാക്കപ്പെട്ട റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവയെല്ലാം ഭരണഘടനയിലോ പ്രസക്ത ആക്ടിലോ വിനിർദ്ദേശിക്കപ്പെട്ട കാലയളവിലേയ്ക്ക് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

എന്നാൽ, എങ്ങനെയായിരുന്നാലും റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ നിയമസഭ മുമ്പാകെ വയ്ക്കുന്നതിന് പ്രസക്ത ആക്ടിൽ ഏതെങ്കിലും വ്യവസ്ഥ ഇല്ലാതിരിക്കുകയോ അഥവാ അതിൽ അപ്രകാരം കാലയളവ് വിനിർദ്ദേശിക്കപ്പെടാതിരിക്കുകയോ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ നിയമസഭ മുമ്പാകെ പതിനാല് ദിവസത്തെ ഒരു കാലയളവിലേയ്ക്ക് വയ്ക്കേണ്ടതാണ്.

നിർദ്ദിഷ്ട കാലാവധി അപ്രകാരം പൂർത്തിയാക്കാത്തപക്ഷം റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ പ്രസ്തുത കാലയളവ് പൂർത്തിയാകുന്നതു വരെ തൊട്ടടുത്ത സമ്മേളനത്തിലോ സമ്മേളനങ്ങളിലോ വീണ്ടും വയ്ക്കേണ്ടതാണ്."

166 (എ). റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ മേശപ്പുറത്തു വയ്ക്കുന്നതിനുള്ള സമയ പരിധി

166ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന എല്ലാ റെഗുലേഷനുകളും ചട്ടങ്ങളും ഉപചട്ടങ്ങളും ബൈലാകളും എത്രയും പെട്ടെന്ന് സഭ മുമ്പാകെ വയ്ക്കുവാൻ ലഭ്യമാക്കേണ്ടതും എന്നാൽ ഒരു കാരണവശാലും അവ പുറപ്പെടുവിച്ച് 2 മാസം കവിയാൻ പാടില്ലാത്തതുമാണ്. ഏതെങ്കിലും വകുപ്പ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ അപ്രകാരമുള്ള ഏതെങ്കിലും രേഖകൾ നൽകുന്നതിൽ പരാജയപ്പെടുന്ന പക്ഷം, ബന്ധപ്പെട്ട വകുപ്പ് മന്ത്രി കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുന്ന ഒരു പ്രസ്താവന, റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവയോടൊപ്പം മേശപ്പുറത്തു വയ്ക്കേണ്ടതാണ്.

166 (ബി). കമ്പനികൾ/സ്വയംഭരണാധികാരസ്ഥാപനങ്ങൾ/കോർപ്പറേഷൻ മുതലായവയുടെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും മേശപ്പുറത്തു വയ്ക്കൽ

(1) "കമ്പനികൾ/സ്വയംഭരണാധികാരസ്ഥാപനങ്ങൾ/കോർപ്പറേഷൻ മുതലായവയുടെ വാർഷിക റിപ്പോർട്ട്/ആഡിറ്റ് റിപ്പോർട്ട് അതാത് ആക്ടിലോ ചട്ടങ്ങളിലോ വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ സഭ യുടെ മേശപ്പുറത്തു വയ്ക്കേണ്ടതാണ്."

(2) 'അപ്രകാരം സഭയുടെ മേശപ്പുറത്തു വയ്ക്കുന്ന റിപ്പോർട്ടിന്റെ ആമുഖത്തിൽ തന്നെ ആ വാർഷിക റിപ്പോർട്ട്/ആഡിറ്റ് റിപ്പോർട്ട് ആക്ടിന്റെ അല്ലെങ്കിൽ ചട്ടത്തിന്റെ ഏത് വ്യവസ്ഥ പ്രകാരമാണ് സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതെന്ന് വ്യക്തമാക്കിയിരിക്കേണ്ടതാണ്.'

(3) 'അപ്രകാരം ഏതെങ്കിലും ആക്ടിലോ ചട്ടങ്ങളിലോ മറ്റ് വിധത്തിൽ വ്യക്തമാക്കാത്തിടത്തോളം എല്ലാ കമ്പനികൾ/ സ്വയംഭരണ സ്ഥാപനങ്ങൾ/ ബോർഡ്/ കോർപ്പറേഷൻ മുതലായവയുടെ വാർഷിക റിപ്പോർട്ട്/ആഡിറ്റ് റിപ്പോർട്ട് ആ സാമ്പത്തിക വർഷം പൂർത്തിയായ ശേഷം ഒൻപത് മാസത്തിനകം സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതാണ്. ഏതെങ്കിലും വകുപ്പ് വാർഷിക റിപ്പോർട്ട്/ആഡിറ്റ് റിപ്പോർട്ട് നിർദ്ദിഷ്ട സമയത്തിനുള്ളിൽ വയ്ക്കാൻ പരാജയപ്പെടുന്ന പക്ഷം അതിനുള്ള കാരണം വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട മന്ത്രി വാർഷിക/ആഡിറ്റ് റിപ്പോർട്ടിനോടൊപ്പം, അപ്രകാരം വിനിർദ്ദേശിക്കപ്പെട്ട കാലാവധി കഴിഞ്ഞ് മുപ്പത് ദിവസം കഴിയുന്നതിന് മുൻപായോ അല്ലെങ്കിൽ സഭയുടെ തൊട്ടടുത്ത സമ്മേളനത്തിന്റെ ആരംഭത്തിലോ ഏതാണോ ശേഷം വരുന്നത്, സഭ മുമ്പാകെ വയ്ക്കേണ്ടതാണ്.'

## അനുബന്ധം 2

**കേരള സർക്കാർ**

**ധനകാര്യ (പി. എ. സി) വകുപ്പ്**

നമ്പർ.105/2013/ധന                                        തിരുവനന്തപുരം, തീയതി : 21.12.2013.

## സർക്കുലർ

വിഷയം :- മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതി (2011–14)– എസ്.ആർ.ഒ.കൾ/വിജ്ഞാപനങ്ങൾ/റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത്– സംബന്ധിച്ച്.

സൂചന : – നിയമസഭാ സെക്രട്ടറിയുടെ 29.11.2013–ലെ 5211/സി.പി.എൽ 3/2013/നി.സെ. നമ്പർ കത്ത്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 17–ാം നമ്പർ നിർദ്ദേശമനുസരിച്ച് ഭരണഘടനയ്ക്കോ അല്ലെങ്കിൽ പാർലമെന്റ് പാസ്സാക്കിയ ഒരു ആക്ട് പ്രകാരം സംസ്ഥാന സർക്കാരിനെയോ, അല്ലെങ്കിൽ നിയമസഭ, നിയമസഭയ്ക്ക് കീഴിലുള്ള ഒരു അധികാരസ്ഥാനത്തെയോ ഏൽപിച്ചു കൊടുത്ത നിയമനിർമ്മാണ ചുമതലകൾക്കോ അനുസൃതമായി ഉണ്ടാക്കപ്പെട്ട ഒരു റഗുലേഷനോ, ചട്ടമോ, ഉപചട്ടമോ, ബൈലായോ മുതലായവ ചട്ടം 166 (1) പ്രകാരം മേശപ്പുറത്തുവയ്ക്കുന്നതിന് അവ പുറപ്പെടുവിച്ചതിന് തൊട്ടടുത്ത സമ്മേളനമോ അപ്രകാരമുള്ള റഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ പുറപ്പെടുവിച്ചതു മുതൽ രണ്ടുമാസമോ ഏതാണാദ്യം വരുന്നത് അതിനുമുമ്പായി നിയമസഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കേണ്ടതാണ്. സഭാ സമ്മേളനകാലത്ത് പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.കൾ ആ സമ്മേളനകാലത്ത് തന്നെ ലഭ്യമാക്കേണ്ടതാണ്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക/ആഡിറ്റ്/ഭരണ റിപ്പോർട്ടുകളും കണക്കുകളും ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള സമയപരിധിയിൽ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങളും ഉത്തരവുകളും നിയമസഭാ സമിതി ശുപാർശകളും നിലവിലുണ്ടെങ്കിലും ഒട്ടുമിക്ക വകുപ്പുകളും എസ്.ആർ.ഒ.കളും വിജ്ഞാപനങ്ങളും വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക/ഭരണ/ ആഡിറ്റ് റിപ്പോർട്ടുകളും യഥാസമയം സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കാറില്ല. യഥാസമയം ലഭ്യമാക്കാത്ത എസ്.ആർ.ഒ.കൾ/വിജ്ഞാപനങ്ങൾ/ റിപ്പോർട്ടുകൾ എന്നിവ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം മാത്രമേ സഭയിൽ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ എന്നിരിക്കെ ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിലും വളരെയധികം കാലതാമസം

നേരിടുന്നതിനാൽ വിജ്ഞാപനങ്ങൾ/ റിപ്പോർട്ടുകൾ എന്നിവ സഭയിൽ സമർപ്പിക്കുന്നതിനും കാലതാമസം നേരിടുന്നു. കൂടാതെ വൈകി ലഭിക്കുന്ന വിജ്ഞാപനങ്ങൾ / റിപ്പോർട്ടുകൾ എന്നിവയോടൊപ്പം സമർപ്പിക്കുന്ന ഡിലേ സ്റ്റേറ്റുമെന്റുകളിൽ പ്രസിൽ നിന്നും അച്ചടിച്ച് ലഭ്യമാകാൻ വൈകി, മതിയായ പകർപ്പുകൾ അച്ചടിച്ച് ലഭ്യമായില്ല, മന:പൂർവ്വമല്ലാത്ത കാലതാമസം, ഉദ്യോഗസ്ഥരുടെ പരിചയക്കുറവ്, ജീവനക്കാരുടെ അപര്യാപ്തത, ഭരണപരവും സാങ്കേതികവുമായ കാരണങ്ങൾ, നിയമസഭാ നടപടികളെക്കുറിച്ചുള്ള അറിവില്ലായ്മ, അധിക ജോലിത്തിരക്ക് തുടങ്ങിയ യുക്തിസഹമല്ലാത്ത കാരണങ്ങളാണ് കാലതാമസത്തിനുള്ള കാരണമായി സ്ഥിരമായി ബോധിപ്പിക്കാറുള്ളത്.

നിരന്തരമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും മേൽ സൂചിപ്പിച്ച തരത്തിലുള്ള തെറ്റായ പ്രവണതകൾ ഉണ്ടാകുന്നതായി ബോധ്യപ്പെട്ട 'മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി', ഭരണഘടനാപരമായ പ്രക്രിയ നിസ്സാരവത്കരിക്കുന്ന രീതിയിലുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള സമീപനം അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന് അഭിപ്രായപ്പെട്ടു.

സർക്കാർ പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.കൾ, വിജ്ഞാപനങ്ങൾ, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ തുടങ്ങിയവ സഭയിൽ യഥാസമയം സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്ന കർശന നിർദ്ദേശം നിലവിലിരിക്കെ അവ യഥോചിതം പാലിക്കപ്പെടുന്നില്ല എന്നത് സമിതി ഗൗരവമായാണ് വീക്ഷിക്കുന്നത്. കൂടാതെ കാലതാമസത്തിനുള്ള കാരണം വിശദമാക്കിക്കൊണ്ട് സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റ് വളരെ ലാഘവ ബുദ്ധിയോടെയാണ് തയ്യാറാക്കുന്നതെന്ന് നിരീക്ഷിച്ച സമിതി, സാമാന്യബുദ്ധിക്ക് നിരക്കാത്ത കാരണങ്ങൾ ഒരു കാരണവശാലും സഭയിൽ സമപ്പിക്കുവാൻ ലഭ്യമാക്കുന്ന രേഖയിൽ ഉണ്ടാകാൻ പാടില്ല എന്ന് അസന്നിഗ്ദ്ധമായി വ്യക്തമാക്കി. ഭാവിയിൽ ഇത്തരം ഭരണഘടനാ ലംഘനങ്ങൾ ഉണ്ടാകാതിരിക്കുവാനായി വകുപ്പ് സെക്രട്ടറിയുടെ ഭാഗത്തുനിന്നും ശക്തമായ ഇടപെടലുകൾ ഉണ്ടാകണമെന്നും ആയതിൻ പ്രകാരം വകുപ്പിന് കീഴിലുള്ള എല്ലാ സെക്ഷനുകൾക്കും കർശനമായ നിർദ്ദേശം നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

പ്രസ്തുത സാഹചര്യത്തിൽ ഭാവിയിൽ ഇത്തരം ഭരണഘടനാ ലംഘനങ്ങൾ ഉണ്ടാകാതിരിക്കുവാനായി സമിതി നിലപാടുകളും നിർദ്ദേശങ്ങളും അറിയിക്കുന്നതോടൊപ്പം മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി (2011-14)യുടെ രണ്ടാമത് റിപ്പോർട്ടിലെ പൊതുവായ ശുപാർശകളും ഉൾപ്പെടുത്തി താഴെപ്പറയുന്ന നിർദ്ദേശങ്ങളും പുറപ്പെടുവിക്കുന്നു.

1. എസ്.ആർ.ഒ.കൾ/വിജ്ഞാപനങ്ങൾ/റിപ്പോർട്ടുകൾ എന്നിവ (150 പകർപ്പുകൾ) ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കേണ്ടതാണ്.
2. എസ്.ആർ.ഒ.കൾ/വിജ്ഞാപനങ്ങൾ/റിപ്പോർട്ടുകൾ എന്നിവ യഥാസമയം ലഭ്യമാക്കുവാൻ സാധിച്ചില്ലെങ്കിൽ അതിനുള്ള കാരണം വിശദീകരിക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റ്

(150 പകർപ്പുകൾ) കൂടി ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന മാതൃകയിൽ ലഭ്യമാക്കേണ്ടതാണ് (ഒരെണ്ണം വകുപ്പു മന്ത്രി ഒപ്പിട്ടതും മറ്റുള്ളവ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ ഒപ്പിട്ടതും).

3. ഡിലേ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുമ്പോൾ അവയിൽ രേഖപ്പെടുത്തിയിരിക്കുന്ന കാരണങ്ങൾ യുക്തിസഹവും കൃത്യവും ഏത് ഘട്ടങ്ങളിലാണ് കാലതാമസം വന്നതെന്ന് വ്യക്തമാക്കുന്ന രീതിയിലും തയ്യാറാക്കേണ്ടതാണ്.

4. വിജ്ഞാപനങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതു സംബന്ധിച്ച് സെക്രട്ടറി തലത്തിൽ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

5. കാലതാമസം ഉണ്ടാകുമ്പോൾ അതിന്റെ ദിനംപ്രതിയുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

6. ബന്ധപ്പെട്ട വകുപ്പ് മന്ത്രിയുടേയും സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയും ഔദ്യോഗിക മുദ്ര പതിപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റിന്റെ പ്രതികൾ തന്നെ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് ലഭ്യമാക്കേണ്ടതാണ്.

**വി.സോമസുന്ദരൻ**
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ, ജി & എസ് എസ് എ),
കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ& ആർ എസ് എ), കേരള, തിരുവനന്തപുരം.
എല്ലാ സെക്രട്ടറിമാർക്കും/വകുപ്പു തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും, ഓഫീസർമാർക്കും.
നോഡൽ ഓഫീസർ www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

Rafeena B

സെക്ഷൻ ഓഫീസർ.

ഉള്ളടക്കം: ഡിലേ സ്റ്റേറ്റ്മെന്റിന്റെ മാതൃക

അനുബന്ധം-I

എസ്.ആർ.ഒ/നോട്ടിഫിക്കേഷൻ എന്നിവയുടെ ഡിലേ സ്റ്റേറ്റ്മെന്റ് മാതൃക

വകുപ്പ്:

| നമ്പർ | വിഷയം | |
|---|---|---|
| 1 | എസ്.ആർ.ഒ/നോട്ടിഫിക്കേഷൻ നമ്പർ | |
| 2 | പ്രസിദ്ധീകരിച്ച തീയതി | |
| 3 | അച്ചടിക്കുവാൻ കൊടുത്തത് | |
| 4 | അച്ചടിച്ചു ലഭിച്ചത് | |
| 5 | നിയമസഭാ സെക്രട്ടേറിയറ്റിന് നൽകിയത് | |

ഓരോ ഘട്ടത്തിലും നേരിട്ട കാലതാമസത്തിന്റെ വ്യക്തമായ കാരണം വിശദീകരിക്കുന്ന കുറിപ്പ്

## അനുബന്ധം-11

## പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകളുടെ ഡിലേ സ്റ്റേറ്റ്മെന്റ് മാതൃക

സ്ഥാപനത്തിന്റെ പേര് :

ബന്ധപ്പെട്ട വകുപ്പ് :

റിപ്പോർട്ട് കാലയളവ് :

| നമ്പർ | വിഷയം | തീയതി |
|---|---|---|
| 1 | സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയായത് | |
| 2 | എ.ജി.യുടെ കമന്റ്സിന് അയച്ചത് | |
| 3 | എ.ജി.യുടെ കമന്റ്സ് ലഭിച്ചത് | |
| 4 | ധനകാര്യ വകുപ്പിന്റെ കമന്റ്സിന് അയച്ചത് | |
| 5 | ധനകാര്യ വകുപ്പിന്റെ കമന്റ്സ് ലഭിച്ചത് | |
| 6 | വാർഷിക പൊതുയോഗം (എ.ജി.എം) അംഗീകരിച്ചത് | |
| 7 | പ്രിന്റിംഗിന് അയച്ചത് | |
| 8 | പ്രിന്റ് ചെയ്ത് ലഭിച്ചത് | |
| 9 | ഗവൺമെന്റിൽ ലഭിച്ചത് | |
| 10 | നിയമസഭാ സെക്രട്ടേറിയറ്റിന് നൽകിയത് | |

ഓരോ ഘട്ടത്തിലും നേരിട്ട കാലതാമസത്തിനുള്ള വ്യക്തമായ കാരണം വിശദമാക്കുന്ന കുറിപ്പ്